**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 494** — **09-08-2023 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ ഫണ്ട് - ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കായികവകുപ്പിന്റെ പദ്ധതിയായ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയുടെ നടത്തിപ്പിനായി പാലക്കാട് ജില്ലയിലെ എം.എൽ.എ. മാർ അനുവദിച്ച ആസ്തി വികസന ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | **കായികവകുപ്പിന്റെ പദ്ധതിയായ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയുടെ നടത്തിപ്പിനായി പാലക്കാട് ജില്ലയിലെ എം.എൽ.എ.മാർ അനുവദിച്ച ആസ്തി വികസന ഫണ്ടിന്റെയും അതിന്മേൽ സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.** |
| (ബി) | പ്രസ്തുത പദ്ധതികളിൽ ഇതിനകം ഭരണാനുമതി നൽകിയവ എത്ര എന്ന് അറിയിക്കാമോ; ഭരണാനുമതി നല്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ? | (ബി) | **കായികവകുപ്പിന്റെ പദ്ധതിയായ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയുടെ നടത്തിപ്പിനായി പാലക്കാട് ജില്ലയിലെ എം.എൽ.എ.മാർ അനുവദിച്ച ആസ്തി വികസന ഫണ്ടിന്റെയും അതിന്മേൽ സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | നിയോജകമണ്ഡലം | പ്രവൃത്തിയുടെ പേര്/സാമ്പത്തിക വർഷം | തുക (ലക്ഷത്തിൽ) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ആലത്തൂർ | കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ പെരിങ്കുന്നം GLP സ്കൂളിലെ പൊതു കളിസ്ഥലം നിർമ്മാണം-പൂർത്തീകരണം (2022-23) | 40 | എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല |
| 2 | മലമ്പുഴ | "ഗ്രാമീണ കളിസ്ഥലം"- മരുതറോഡ് ഗ്രാമപഞ്ചായത്തിൽ കളിസ്ഥലനിർമ്മാണം (2022-23) | 50 | എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല |
| 3 | നെന്മാറ | "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം"-ഗ്രാമീണ കളിസ്ഥല പദ്ധതി-GBHSS നെന്മാറ (2022-23) | 50 | എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല |
| 4 | ഒറ്റപ്പാലം | ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ കളിസ്ഥലം (2021-22) | 50 | ഭരണാനുമതി നൽകി |
| 5 | തൃത്താല | പട്ടിത്തറ ഗ്രാമപഞ്ചായത്തിൽ കരണപ്ര കളിക്കളം നിർമ്മാണം (2022-23) | 50 | ഭരണാനുമതി നൽകി |